ഉത്തരം

(എ) നിലവിൽ മാർച്ച് 2014 വരെയുള്ള തൊഴിൽരഹിത വേതനം നൽകിയിട്ടുണ്ട്.

(ബി) 2014 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള അഞ്ച് മാസക്കാലത്തെ തൊഴിൽരഹിത വേതനം അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

തൊഴിൽ വകുപ്പിൽ 2014-15 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം

255 (947) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽവകുപ്പിൽ 2014-15 സാമ്പത്തികവർഷം ഓരോന്നിനും അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ച തുക, ചെലവഴിക്കാനുള്ള തുക, ചെലവഴിച്ച ശതമാനം എന്നീ ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക, ചെലവഴിച്ച ശതമാനം എന്നീ ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

ഐ.ടി.ഐ.കളിലെ വെർച്വൽ ക്ലാസ്സ് റൂം

256 (952) ശ്രീ. പാലോട് രവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വെർച്വൽ ക്ലാസ്സ് റൂമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വെർച്വൽ ക്ലാസ്സ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവര സാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് വെർച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദഗ്ധ പരിശീലകന്റെ സഹായത്താൽ ഒരു വർക്ക്ഷോപ്പിലോ ഒരു ക്ലാസ് മുറിയിലോ നൽകുന്ന പരിശീലനം വിവര സാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഐ.ടി.ഐ.-കളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കാൻ ഈ പദ്ധതിക്ക് സാധിക്കുന്നു. ഇതിനോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടും. കൂടാതെ പരിശീലകന്റെ അഭാവം മൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കാനും സാധിക്കും.

(സി) ഇതിനായി ആധുനിക വിവരസാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. ഇതിൽ കമ്പ്യൂട്ടർ, സി മെടിക് ഇന്റർനെറ്റ് കണക്ഷൻ, എൽ.സി.ഡി. പ്രൊജക്ടർ, ക്യാമറ, മൈക്ക് എന്നീ ഉപകരണങ്ങൾ ഉൾപ്പെടുന്നു.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുന്നത്. ബി.എസ്.എൻ.എൽ.-ന്റെ സേവനം, ഇന്റർനെറ്റ് കണക്ടിവിറ്റിക്കായി ഉപയോഗിക്കുന്നു.

ഐ.ടി.ഐ.-ക്ക് ഗ്രാമപഞ്ചായത്ത് നൽകിയ സ്ഥലം

257 (953) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയ 50 സെന്റ് സ്ഥലം തൊഴിൽ വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly